**ജില്ലാ അദാലത്ത് സമിതി യോഗം-**

11/ 07 /2024ൽ ഓൺലൈൻ ആയി നടന്ന മീറ്റിംഗിൽ പരിഗണിച്ച പരാതികളും ആയതിന്മേൽ തദ്ദേശസ്ഥാപനങ്ങൾക്ക് നൽകുന്ന ഉപദേശങ്ങളും ചുവടെ ചേർക്കുന്നു.

പരാതി നം- BPTVPMC0167000058

| | | |
|---|---|---|
| പരാതിക്കാരൻറെ പേര് | - | ശ്രീ. ഷമൻ എസ്.<br>Farfad,<br>Near Kachaani High School junction,<br>Vattiyoorkavu |
| പരാതി വിഷയം | - | അപേക്ഷകൻ പുതുതായി നിർമ്മിച്ച കെട്ടിടത്തിന് കെട്ടിട നമ്പർ നൽകുന്നില്ലായെന്ന പരാതി - സംബന്ധിച്ച്. |
| സൂചന | - | സിറ്റിസൺ അസിസ്റ്റൻസ്തിരുവനന്തപുരം ജില്ലാതല അദാലത്ത് സമിതി കൺവീനറുടെ ലോഗിനിൽ ലഭിച്ച BPTVPMC0167000058 ഡോക്കറ്റ് നമ്പർ പരാതി. |

**സൂചന പരാതിയിന്മേൽ തിരുവനന്തപുരം ജില്ലാതല അദാലത്ത് സമിതി തിരുവനന്തപുരം നഗരസഭ സെക്രട്ടറിയ്ക്ക് നൽകുന്ന ഉപദേശം.**

പേരൂർക്കട വില്ലേജിൽ റീസർവ്വേ നമ്പർ 353/24-4, 26-1 ൽ ഉൾപ്പെട്ട 0.41, 2.02 R വസ്തുവിൽ 2/08/2021 ൽ A2/P/42/2021-22 നമ്പർ പെർമ്മിറ്റ് പ്രകാരം GF & FF ഉൾപ്പെടെ 208 ച.മീ. plinth area ഉള്ള റെസിഡൻഷ്യൽ &കൊമേഴ്സ്യൽ ബിൽഡിംഗ് നിർമ്മിക്കുന്നതിന് അനുമതി നൽകിയിരുന്നു. അപ്രൂഡ് പ്ലാനിൽ കെട്ടിടത്തിൻറെ വടക്ക് വശത്ത് 1.80 മീറ്റർ വീതിയുള്ള ഒരു വശം അടഞ്ഞ വഴിയുണ്ട്. ടി ഭാഗത്ത് കെട്ടിടവും അതിരും തമ്മിൽ (1.5+1.6)/2 അകലമാണ് പെർമ്മിറ്റിൽ നൽകിയിട്ടുള്ളത്. കെട്ടിടം പൂർത്തീകരിച്ചതിന് ശേഷം കെട്ടിടത്തിൻറെ വടക്ക് വശത്തുള്ള മേൽപടി വഴിയും കെട്ടിടവും തമ്മിൽ 1 മീറ്റർ അകലമാണുള്ളത്.

KMBR 2019 ചട്ടം 23 പ്രകാരം 75 മീറ്ററിൽ കവിയാത്ത ഇടവഴികളുടെ കാര്യത്തിൽ ഇടവഴിയോട് ചേർന്നുള്ള പ്ലോട്ട് അതിരും കെട്ടിടവും തമ്മിൽ 1.5 മീറ്റർ സെറ്റ് ബോക്ക് ആവശ്യമാണ്. മാത്രവുമല്ല ഈ വശത്തുള്ള കെട്ടിടത്തിൻറെ first floor ൽ നിന്നും ഓപ്പൺ

ടെറസ്സിലേയ്ക്ക് കേറുന്നതിന് ഓപ്പൺ സ്റ്റെയർകേസ് മതിലിനോട് ചേർത്ത് നിർമ്മിച്ചിട്ടുണ്ട്. മേൽപടി അപാകതകൾ പരിഹരിച്ച് കംപ്ലീഷൻ പ്ലാൻ സമർപ്പിച്ച് കെട്ടിട നമ്പർ നേടുന്നതിനും 2019 നവംബർ 7–ാം തീയതിയിലോ അതിനു മുമ്പോ നിർമ്മാണം നടന്നതോ പൂർത്തികരിച്ചതോ ആയ അനധികൃത നിർമ്മാണം ക്രമവൽക്കരിക്കുന്നതിനായി 9/02/2024 ലെ സ.ഉ(പി) നമ്പർ 20/2024/LSGDTVM നമ്പറായി പുറപ്പെടുവിച്ച 2024 ലെ (അനധികൃത നിർമ്മാണങ്ങളുടെ ചട്ടങ്ങൾ) പ്രകാരം നഗരസഭയിൽ യഥാവിധി അപേക്ഷ നൽകുന്നതിനും നിലവിൽ അവസരമുണ്ടെന്ന വിവരം ശ്രീ. ഷമൻ എസ്.–ൻറെ ശ്രദ്ധയിൽപ്പെടുത്തിയും അത്തരത്തിൽ അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് ചട്ടങ്ങൾക്ക് വിധേയമായി പരാതിയ്ക്ക് ആസ്പദമായ കെട്ടിടത്തിന് നമ്പർ അനുവദിക്കുന്ന വിഷയത്തിൽ തീരുമാനമെടുക്കുന്നതിന് തിരുവനന്തപുരം നഗരസഭ സെക്രട്ടറിയോട് ഉപദേശിച്ചും തീരുമാനിച്ചു.